034476

'ഭരണഭാഷ മാതൃഭാഷ'


# കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
## തിരുവനന്തപുരം

ഫോൺ : 0471 2330167(O) , 2331546 (O) ഫാക്സ് : 0471 2331352

ഇ-മെയിൽ : keralasportscouncil@gmail.com

വെബ്സൈറ്റ് : www.sportscouncil.kerala.gov.in

**ടി.പി.ദാസൻ**
പ്രസിഡന്റ്
ഫോൺ : 9447167601, 0471 2325883 (P)
ഇ-മെയിൽ : president.kssc@gmail.com

**മേഴ്സി കുട്ടൻ**
വൈസ് പ്രസിഡന്റ്
ഫോൺ : 9447530575
ഇ-മെയിൽ : mercykuttan@gmail.com

**സഞ്ജയൻ കുമാർ IFS**
സെക്രട്ടറി
ഫോൺ : 0471-2333729(P)
ഇ-മെയിൽ : secretary1.kssc@gmail.com (O)
sanjayankumarifs@gmail.com (P)


കെ.എസ്.എസ്.സി/ബി8/ 8850 /2017 22.09.2017

ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ വകുപ്പ് ,
തിരുവനന്തപുരം

സർ,

വിഷയം: കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - ഫിഫ അണ്ടർ 17 ഫുട്ബോൾ മത്സരങ്ങളുടെ പ്രചരണാർത്ഥം നൽകേണ്ടുന്ന നിർദ്ദേശങ്ങൾ - സംബന്ധിച്ച്

മേൽ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ഫിഫ അണ്ടർ 17 ഫുട്ബോൾ മത്സരങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, കായിക യുവജനകാര്യാലയത്തിന്റെയും നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും, വിവിധ സർക്കാർ വകുപ്പുകളേയും, സംയോജിപ്പിച്ചു കൊണ്ട് വൺ മില്ല്യൺ ഗോൾ കാമ്പയിൻ, ദീപശിഖ റിലേ, ബോൾ റൺ എന്നീ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് വൺ മില്ല്യൺ ഗോൾ കാമ്പയിൻ (27 സെപ്റ്റംബർ 3 - 7 PM) ഇത് സംഘടിപ്പിക്കേണ്ടത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പും, വിശദ വിവരങ്ങളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഇവയുടെ നടത്തിപ്പ് വിജയകരമാക്കുന്നതു സംബന്ധിച്ച അടിയന്തിര നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

**District Level Contact Details**

**( One Million Goal Campaign)**

| District | Sports Council President / Secretary | Nehru Yuva Kendra (District Youth co orinators) | Kerala State Youth Welfare Board (District co orinators) | National Service Scheme | District Level OMG Volunteers | District Level E mail ID |
|---|---|---|---|---|---|---|
| Thiruvananthapuram | Shri. D. Mohanan 9447461610<br>S- Vijayalekshmi | Shri. Ali Sabrim B 9400598000 | Shri. M.M Ansari 9946593540 | Shri. Thomas K Stephen 9447071661 | Nithin 8848672370 | omg.tvm@gmail.com |
| Kollam | Shri.M.Sundaresan Pillai 9447093206<br>Smt. T.A. Tharadevi 8547973676 | Shri. Ali Sabrim B 9400598000 | Shri. K Pradeep 9846176670 | Shri. Sreenivasan S 9388862688 | Sreenath S Pillai 9656568990 | omg.kolm@gmail.com |
| Pathanamthitta | Shri.K. Anilkumar 9495204988<br>Shri. C.P Sebastin 9497336660 | Shri. Harilal 9447865065 | Shri. jayakrishnan 9446657003 | Shri. Biju Kumar 9446442231 | Robin 8547789298 | omg.ptmta@gmail.com |
| Alappuzha | Prof. Nimmi Alexander 8907607922<br>Shri. G. Sudeesh 9497316783 | Shri. Ali Sabrim B 9400598000 | Adv. Anas Ali 9895555335 | Shri. Hari L 9446117223 | Manu Subhash 8606136368 | omg.alpzha@gmail.com |

| | | | | | | |
|---|---|---|---|---|---|---|
| Kottayam | shri. J.G Palakkalodi 9447011224<br>Smt. Smitha R 9446583275 | Shri. Harilal 9447865065 | Shri. Midhun K 9746284329 | Shri. Shintomon PS 9847828756 | Vipin Francis 8281302879 | omg.ktym@gmail.com |
| Idukki | Shri. K.L Joseph 9495023499<br>Smt. MayaDevi (i/c) 8547575248 | Shri. Harilal 9447865065 | Shri. Nishanth V Chandran 9497261504 | Shri. Rajan Thomas 9446719933 | Shiji James 7907374616 | omg.idukki@gmail.com |
| Ernakulam | Shri. Sakker Hussain 9846567920<br>Shri. P. Anilkumar 9495557098 | Shri. Tony Thomas 9605045616 | Shri. Akhildas K.T 9447378356 | Shri. P.D Sugathan 9446070594 | Madhu Krishna 8089729862 | omg.ernklm@gmail.com |
| Thrissur | Shri. Vincent Kattookaran 9447618188<br>Shri. Janardhanan (i/c) 944623078 | Shri. Jain George 9495217357 | Shri. O.S Subeesh 9846259219 | Shri. Sudheer M 9446904351 | Janardhanan 9446230878 | omg.thsr@gmail.com |
| Palakkad | Shri. T.N Kanda Muthan 9447963844<br>Shri. Madhusoodanan (i/c) 9995860925 | Shri. M Anilkumar 9447632362 | Shri. T. M Sasi 9846232208 | Shri. Gopalan CS 9946788668 | T.V Ajimon 9048828887 | omg.plkd@gmail.com |
| Kozhikode | Shri. K.J Mathai 9400055688<br>Shri. Preman Tharavattathu 9446737179 | Shri. M Anilkumar 9447632362 | Shri. Anoop E 9400374778 | Shri. Sreechith 9645360364 | Abith Alex Hayden 8714345522 | omg.kzhkde@gmail.com |

| | | | | | | |
|---|---|---|---|---|---|---|
| Waynad | Shri. M.M Madhu 9447544498<br>Shri. Ceaser Jose 9747850014 | Shri. Kunhammed 9447072142 | Shri. Francis K.M 974406651 | Shri. Joseph M.J 9496220058 | Satheesh Kumar.P 9947310389 | omg.wynd@gmail.com |
| Malappuram | Shri. P. Shamsudheen 9633329999<br>Smt. V Geetha 9495746656 | Shri. Kunhammed 9447072142 | Shri. Najumudheen 9447630833 | Shri. Muhammed Ashraf K 9447358867<br>Shri. Muraleedharan K.C 9447273711 | Safe Sahid.M 9446417899 | omg.mlprm@gmail.com |
| Kannur | Shri. O.K Vineesh 9446577491<br>Shri. M.A Nicholas (i/c) 9947584596 | Shri. Kunhammed 9447072142 | Shri. Sarinsasi 9744262136 | Shri. Sareesh Payyambally 9447852730 | Abin R.S Nair 9447931807 | omg.knnr@gmail.com |
| Kasargode | Shri. N.A Sulaiman 9447020713<br>Shri. Sudeesh Bose (i/c) 9947269091 | Shri. M Anilkumar 9447632362 | Shri. A.V Sivaprasad 9526461111 9947603420 | Shri. Rateesh Kumar 9447693361 | Sudharshan 9207345545 | omg.kzrgde@gmail.com |

## 'വൺ മില്ല്യൺ ഗോൾ'

ഭാരതം ആതിഥ്യം വഹിക്കുന്ന പ്രധാനപ്പെട്ട കായിക മാമാങ്കമാണ് 2017 ഒക്ടോബർ 6 മുതൽ 28 വരെ നടക്കുന്ന ഫിഫ അണ്ടർ-17 ലോകകപ്പ് ഫുട്ബോൾ. ഇന്ത്യയിൽ 6 ഇടങ്ങളിലായി നടക്കുന്ന മത്സരത്തിന്റെ ഒരു വേദി കൊച്ചിയാണ്. ഫുട്ബോൾ എല്ലാ തലത്തിലും പ്രചരിപ്പിക്കുന്നതിനും ഫിഫ അണ്ടർ-17 ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ പ്രചരണത്തിനുമായി കേരളാ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റേയും കായിക യുവജന കാര്യാലയത്തിന്റേയും നേതൃത്വത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ഒന്നാണ് 'വൺ മില്ല്യൺ ഗോൾ'.

### ഉദ്ദേശലക്ഷ്യം.

കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിലും, 87 മുനിസിപ്പാലിറ്റികളിലും, 6 കോർപ്പറേഷനുകളിലും സ്കൂൾ/കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലു- മായി സെപ്റ്റംബർ 27-ാം **തീയതി വൈകിട്ട്** 3 **മണി മുതൽ** 7 മണി വരെ പൊതുജന പങ്കാളിത്തത്തോടെ ഒരു മില്ല്യൺ (10,00,000) ഗോളുകൾ അടിക്കുകയും ഇതിലൂടെ വ്യത്യസ്ത പ്രായപരിധിയിലുള്ള പരമാവധി ആളുകളെ ഫിഫ വേൾഡ് കപ്പിനെക്കുറിച്ച് തൽപ്പരരും ബോധവാന്മാരാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി കുറഞ്ഞത് ഓരോ ഗ്രാമ പഞ്ചായത്തുകളിലും 2,000 ഗോളുകൾ, ഓരോ മുനിസിപ്പാലിറ്റികളിലും 10,000 ഗോൾ, ഓരോ കോർപ്പറേഷനുകളിലും 15,000 ഗോളുകൾ എന്നിങ്ങനെയാണ് ഉദ്ദേശിക്കുന്നത്.

### ഗോൾ പോസ്റ്റുകൾ

- ലെവൻസ്
- സെവൻസ്, ഫൈവ്സ്

(നിലവിലുള്ള ഗോൾ പോസ്റ്റുകളോ, താൽക്കാലികമായി ക്രമീകരിയ്ക്കുന്ന ഗോൾ പോസ്റ്റുകളോ ഇതിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്).

### പങ്കാളിത്ത വിഭാഗവും രീതികളും

എല്ലാ വിഭാഗത്തിൽപ്പെടുന്നവർക്കും പ്രായ ഭേദമെന്യേ ഈ കാമ്പയിനിൽ പങ്കെടുക്കാവുന്നതാണ്.

കോളേജ്, സ്കൂൾ, പൊതു-സ്വകാര്യ കളിസ്ഥലങ്ങൾ എന്നിവ എല്ലാം തന്നെ ഈ കാമ്പയിന് വേണ്ടി വിനിയോഗിക്കാവുന്നതാണ്.

- ഒരു വ്യക്തിക്ക് ഒരു ഗോൾ മാത്രമേ അനുവദിക്കാവൂ.
- ഗോൾ കീപ്പർ ഉണ്ടാകുന്നതല്ല.
- ഓരോ രജിസ്റ്റേർഡ് സെന്ററിലും ഗോളുകളുടെ എണ്ണം തിട്ടപ്പെടുത്താൻ ഒരു വോളന്റിയറിനെ ചുമതലപ്പെടുത്തേണ്ടതാണ്. (ഓരോ സെന്ററും വോളന്റിയറിനേയും രജിസ്റ്റർ ചെയ്യാൻ പ്രത്യേകം തയ്യാറാക്കിയ

ആപ്ലിക്കേഷനിൽ സൗകര്യവും ഒരുക്കിയിട്ടുണ്ട്. സെപ്തംബർ 20 നു തന്നെ സെന്ററുകളുടേയും വോളന്റിയർമാരുടേയും രജിസ്ട്രേഷൻ പൂർത്തീക രിക്കേണ്ടതാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്ത സെന്ററു കളേയോ വോളന്റിയർമാരേയോ പുരസ്കാര നടപടികൾക്കായി പരിഗണി ക്കുന്നതല്ല.)

- മൊബൈൽ ആപ്ലിക്കേഷനിലൂടെ ഗോളുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണ്.
- പെനാൽറ്റി സ്പോട്ടിൽ നിന്നാണ് കിക്കുകൾ എടുക്കേണ്ടത്.
- ഏറ്റവും കൂടുതൽ ഗോളുകൾ അടിക്കുന്ന പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, കോളേജ്/സ്കൂൾ എന്നിവയ്ക്ക് ഉപഹാരങ്ങൾ നൽകുന്നതാണ്.
- ഗോൾ പോസ്റ്റുകൾ സജ്ജീകരിക്കുന്ന സെന്ററുകൾ സെപ്റ്റംബർ 15-ന് മുൻപായി അതാത് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.
- ഓരോ ജില്ലയിൽ നിന്നും വൺ മില്ല്യൺ ഗോൾ കാമ്പയിനിൽ പങ്കെടുത്ത് ഗോൾ അടിക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന 2 പേർക്ക് വീതം ഫിഫ അണ്ടർ 17 വേൾഡ് കപ്പിലെ കൊച്ചിയിൽ നടക്കുന്ന ഓരോ മത്സരം കാണാനുള്ള അവസരം നൽകുന്നതായിരിക്കും.

**<u>റിപ്പോർട്ടിംഗ്</u>**

ഗോളുകൾ പ്രത്യേകം തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടേണ്ടത്. ആനുപാതികമായി പ്രത്യേകം തയ്യാറാക്കപ്പെട്ട സ്കോർ ഷീറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന ഷീറ്റുകൾ പ്രത്യേകമായി അനുവദിക്കുന്ന ഈ-മെയിലിൽ പരിപാടി കഴിഞ്ഞ് ഒരു മണിക്കൂറിനകം മെയിൽ ചെയ്യേണ്ടതാണ്. കാമ്പയിൻ തുടങ്ങുന്നതുമുതൽ ഓരോ മണിക്കൂർ ഇടവേളകളിലെങ്കിലും ഫോട്ടോകൾ (Action Photos) മൊബൈൽ ആപ്ലിക്കേഷനിലോ ഈ-മെയിലിലോ അപ്ലോഡ് ചെയ്യപ്പെടേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ റിപ്പോർട്ടിംഗിന് സാങ്കേതിക തടസ്സം നേരിടുകയാണെങ്കിൽ സ്കോർ ഷീറ്റ്, ഫോട്ടോ തുടങ്ങി എല്ലാ വിവരങ്ങളും ജില്ലാതല കോ-ഓർഡിനേറ്റർമാരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.

**<u>പങ്കാളികൾ</u>**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് & യൂത്ത് അഫയേഴ്സ്, നെഹ്റു യുവകേന്ദ്ര സംഘതാൻ, യൂത്ത് വെൽഫയർ ബോർഡ്, നാഷണൽ സർവ്വീസ് സ്കീം, സ്കൂൾ സംഘടനകൾ, യൂണിവേഴ്സിറ്റികൾ, കായിക വിദ്യാഭ്യാസ വിഭാഗം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കായിക വിദ്യാഭ്യാസ വകുപ്പുകൾ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ഫുട്ബോൾ പ്രോത്സാഹിപ്പിക്കുന്ന പൊതു സ്വകാര്യ സ്ഥാപനങ്ങൾ, ഗ്രൗണ്ട് അധികാരികൾ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ.

## ചുമതലകളും ക്രമീകരണങ്ങളും

### ഗോൾ സ്കോറിംഗ് സെന്റർ

- ഗ്രൗണ്ടും ഗോൾ പോസ്റ്റുകളും ക്രമീകരിയ്ക്കുക.
- വോളന്റിയറിനെയും സബ്-വോളന്റീയേഴ്സിനെയും നിയോഗിക്കുക.
- ഗോൾ പോസ്റ്റ് നിയന്ത്രണം മുഖ്യവോളന്റീയർക്കും ഫോട്ടോസ്, വീഡിയോസ്, സ്കോർ ഷീറ്റ്, അപ്ലോഡിംഗ് എന്നിവയുടെ ചുമതല സബ്-വോളന്റീയേഴ്സിനും കൈമാറുകയും അതാതുവോളന്റീയർമാർക്ക് വേണ്ട പരിശീലനം മുൻകൂട്ടി ലഭിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- പരിപാടിയ്ക്ക് മുന്നോടിയായി എല്ലാ ഫോറങ്ങളും ജില്ല/നഗരസഭ/പഞ്ചായത്തുതല ചുമതലക്കാരിൽ നിന്ന് കൈപ്പറ്റേണ്ടതും പരിപാടിയ്ക്കുശേഷം പൂർത്തീകരിച്ച ഫോർമാറ്റുകൾ അന്നേ ദിവസം 7.30-ന് മുമ്പ് തിരികെ ഏൽപ്പിക്കേണ്ടതുമാണ്.
- നറുക്കെടുപ്പിന് വേണ്ട ക്രമീകരണങ്ങളും സുതാര്യതയും ഉറപ്പ് വരുത്തേണ്ടതാണ്.
- ഗോളുകളുടെയും, പരിപാടിയുടെയും, നറുക്കെടുപ്പിന്റെയും, പ്രമുഖ വ്യക്തികൾ പങ്കെടുക്കുന്നതിന്റെ ഫോട്ടോകളും, 30 സെക്കന്റ് ദൈർഘ്യമുള്ള വീഡിയോയും നിർദ്ദിഷ്ഠ സമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യപ്പെടേണ്ടതാണ്.
- ഗോൾ സ്കോറിംഗ് സെന്ററിനെക്കുറിച്ചുള്ള വിവരം മുൻകൂട്ടി പരസ്യപ്പെടുത്തേണ്ടതും ആയതിലേയ്ക്ക് വേണ്ട പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമാണ്. കൂടാതെ ഗ്രൗണ്ട് ഡെക്കറേഷൻ, ഫ്ളക്സ്, ഫുട്ബോളിന്റെ ലഭ്യത, മൊബൈൽ പവർ ബാങ്ക് എന്നിവ സജ്ജീകരിക്കേണ്ടതാണ്.

*കൂടുതൽ വിവരങ്ങൾ **http//onemilliongoal.sportfolio.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.*

വൺ മില്ല്യൺ ഗോളിന് പുറമേ ചുവടെ ചേർക്കുന്ന പ്രചരണ പരിപടികളിലും താങ്കളുടെ അധീനതയിലുള്ള കലാലയങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

### ദീപശിഖാ റിലേ

ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സര പ്രചരണാർത്ഥം കാസർഗോഡ് ജില്ലയിൽ നിന്നും ദീപശിഖ റിലേ നടത്തുന്നതാണ്. പ്രമുഖ ഫുട്ബോൾ കായികതാരങ്ങളായ അർജ്ജുന അവാർഡ് ജേതാവ് ശ്രീ.ഐ.എം.വിജയൻ, ശ്രീ.സി.കെ.വിനീത് എന്നിവർ നേതൃത്വം നൽകുന്നതാണ്. ഒക്ടോബർ 3-ാം തീയതി രാവിലെ 9 മണിക്ക് കാസർഗോഡ് നിന്ന് ആരംഭിച്ച് വടക്കൻ ജില്ലകളിൽ പര്യടനം നടത്തി ഒക്ടോബർ 6-ാം തീയതി കൊച്ചിയിൽ എത്തിച്ചേരുന്നതാണ്. ഡിസ്പ്ലേ വാഹനങ്ങൾ, എക്സിബിഷൻ വാഹനങ്ങൾ

എന്നിവ ദീപശിഖ റിലേയുടെ വാഹന വ്യൂഹത്തിൽ ഉൾപ്പെടുന്നതാണ്. ഓരോ ദിവസത്തെയും സമാപനത്തിൽ പ്രത്യേക ചടങ്ങുകൾ സംഘടിപ്പിക്കും. അതാത് ജില്ലയിലെ കായിക താരങ്ങൾ, പഴയ കായിക താരങ്ങൾ, സാംസ്കാരിക നായകൻമാർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

## ബോൾ റൺ

തിരുവനന്തപുരം ജില്ലയിലെ കളിയിക്കാവിളയിൽ നിന്നും ഒക്ടോബർ 3-ാം തീയതി രാവിലെ 9 മണിക്ക് ആരംഭിച്ച് ഫുട്ബോൾ കൈമാറി തെക്കൻ ജില്ലകളിൽ പര്യടനം നടത്തി ഒക്ടോബർ 6-ാം തീയതി കൊച്ചിയിൽ സമാപിക്കുന്നതാണ്. ബോൾ റൺ പ്രമുഖ ഫുട്ബോൾ കായിക താരങ്ങളായ ശ്രീ. ജിജു ജേക്കബ്, ശ്രീ.എം.രാജീവ് കുമാർ, ശ്രീ. വി. പി ഷാജി എന്നിവരുടെ നേതൃത്വത്തിലായിരിക്കും നടക്കുന്നത്.

## സെലിബ്രിറ്റി ഫുട്ബോൾ മത്സരങ്ങൾ

ഫിഫ അണ്ടർ 17 ഫുട്ബോൾ മത്സരങ്ങളോട് അനുബന്ധിച്ച് സമൂഹത്തിലെ വിവിധ മേഖലയിലെ പ്രമുഖ വ്യക്തികളുടെ ടീമുകൾ പങ്കെടുക്കുന്ന 3 സെലിബ്രിറ്റി ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കും.

- Chief Minister's XI Vs Speakers XI
- Civil Services A team Vs Civil Services B team
- Media A Team Vs Media B team

*********

എഴുത്ത് നം. ജി4-33122/17/കെ.വിവ　　　　തീയതി. 22.9.17

ഇന്ത്യ ആതിഥ്യം വഹിക്കുന്ന ഫിഫ അണ്ടർ 17 ഫുട്ബോൾ മത്സരങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വൺ മില്യൻ ഗോൾ കാമ്പയിൻ (27 സെപ്റ്റംബർ 3-7 PM) സംഘടിപ്പിക്കുന്നത് സംബന്ധിച്ച കേരള സ്പോർട്സ് കൗൺസിലിന്റെ നിർദ്ദേശങ്ങൾ ലഭിച്ചു. [illegible] സംബന്ധിച്ച് ~~നടപടികൾ സ്വീകരി~~ക്കുന്നതിന് ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ കോളേജ് പ്രിൻസിപ്പൽമാരും ഉടൻ നടപടി സ്വീകരിക്കേണ്ടതും [illegible] സംബന്ധിച്ച സംഘാടനവിവരങ്ങൾ [illegible] ജില്ലാ കോ-ഓർഡിനേറ്റർമാരെയും വളണ്ടിയർമാരെയും ~~ഉദ്യോഗസ്ഥരെ~~ അറിയിക്കേണ്ടതുമാണ്.

V.S.
22/9/17

22/9/17

മേലെഴുത്ത് നമ്പർ ജി4/33122/2017/കോ.വി.വ        തീയതി: 22.09.2017

ഇന്ത്യ ആതിഥ്യം വഹിക്കുന്ന ഫിഫ അണ്ടർ 17 ഫുട്ബോൾ മത്സരങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വൺ മില്യൺ ഗോൾകാമ്പയിൻ (27 സെപ്റ്റംബർ 3-7 pm) സംഘടിപ്പിക്കുന്നത് സംബന്ധിച്ച് കേരള സ്പോർട്സ് കൗൺസിലിന്റെ നിർദ്ദേശങ്ങൾ പാലിച്ച് ആയത് സംബന്ധിച്ച് ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ കോളേജ് പ്രിൻസിപ്പൽമാരും തുടർ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച സംശയ നിവാരണത്തിന് ബന്ധപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർമാരുമായും വോളന്റിയർമാരുമായും ബന്ധപ്പെടേണ്ടതുമാണ്.

വിശ്വസ്തതയോടെ

ഒപ്പ്/

എം.എസ്. ജയ, ഐ.എ.എസ്.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്: എല്ലാസർക്കാർകോളേജ്പ്രിൻസിപ്പാൾമാർക്കും
എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും (എയ്ഡഡ് കോളേജുകളിൽ അറിയിക്കുന്നതിലേക്കായും)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 22.09.17